**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2242** **06-07-2022 - ൽ മറുപടിയ്ക്ക്**

**അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അതിദാരിദ്ര്യ നിർമ്മാർജന പദ്ധതിയുടെ ഭാഗമായി വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ അതിദരിദ്രരുടെ പട്ടിക തയ്യാറാക്കുന്നത് സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ? | (എ) | വടക്കാഞ്ചേരി നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെട്ട അടാട്ട്, അവണൂർ, കോലഴി, കൈപ്പറമ്പ്, തോളൂർ, മുളംകുന്നത്തുകാവ്, തെക്കുംകര എന്നീ ഗ്രാമപഞ്ചായത്തുകളിലും വടക്കാഞ്ചേരി നഗരസഭയിലും അതിദരിദ്രരെ കണ്ടെത്തൽ പ്രക്രിയയുടെ ഭാഗമായുള്ള ജനകീയ സമിതികളുടെ രൂപീകരണം, ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ, വിവരശേഖരണം, സൂപ്പർചെക്ക് സാദ്ധ്യതാപട്ടികയുടെ പ്രസിദ്ധീകരണം, സാദ്ധ്യതാപട്ടികയുടെ ഗ്രാമസഭ അംഗീകാരത്തിനു ശേഷമുള്ള അന്തിമ പട്ടകയുടെ പ്രസിദ്ധീകരണം എന്നീ പ്രവർത്തനങ്ങൾ 2022 ഫെബ്രുവരി മാസത്തിൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ 154 വാർഡ്/ ഡിവിഷനുകളിലായി ആകെ 219 കുടുംബങ്ങളെയാണ് അതിദരിദ്രരായി കണ്ടെത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ